## കെ റെയിൽ പദ്ധതിയുമായി മുന്നോട്ടുപോകുന്നവർക്ക് വോട്ടില്ല: റെയിൽ ജനകീയ പ്രതിരോധ സമിതി

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കെ റെയിൽ പദ്ധതി തദ്ദേശതെരഞ്ഞെടുപ്പിൽ സജീവ ചർച്ചയാകുന്നു. റെയിൽ പദ്ധതിയുമായി മുന്നോട്ടുപോകുന്നവർക്കു വോട്ടില്ലെന്നു റെയിൽ ജനകീയ പ്രതിരോധ സമിതി പ്രഖ്യാപിച്ചതോടെ മുന്നണികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. ജനകീയ പ്രതിരോധ സമിതിയുടെ പ്രതിഷേധ യോഗങ്ങളിൽ യു.ഡി.എഫ്, ബി.ജെ.പി. നേതാക്കൾ സജീവ സാന്നിധ്യമാണ്. 532 കിലോമീറ്റർ നീളത്തിൽ കൊച്ചുവേളി മുതൽ കാസർഗോഡ് വരെ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമിക്കാനുദ്ദേശിക്കുന്ന സെമി ഹൈസ്പീഡ് സിൽവർ റെയിൽ പദ്ധതി പുനഃപരിശോധിക്കണം എന്ന നിലപാടിൽ ഉറച്ചു നിൽക്കുകയാണ് ജനകീയ പ്രതിരോധ സമിതി. പാതയുടെ സ്ഥലമെടുപ്പ് പുരോഗമിച്ചുവരികയാണ്. ഈ പാതയിലൂടെ 200 കിലോമീറ്റർ വേഗത്തിൽ 2035 ൽ റെയിൽ ഗതാഗതം സാധ്യമാകുമെന്നാണു പ്രതീക്ഷ. 64,000 കോടി രൂപയാണ് ഇപ്പോൾ പ്രതീക്ഷിക്കുന്ന ചെലവ്. ജനസാന്ദ്രത കൂടിയ കേരളത്തിൽ 20 മീറ്റർ വീതിയിൽ 532 കിലോമീറ്റർ നീളത്തിൽ പദ്ധതി നടപ്പാക്കാൻ 1,226 ഹെക്ടർ ഭൂമി ഏറ്റെടുക്കണം. 70,000 ത്തോളം ആളുകളെ കുടിയൊഴിപ്പിക്കുകയും ഇരുപതിനായിരം വീടുകൾ പൊളിച്ചു മാറ്റുകയും വേണം. 1000-ത്തിലധികം വീടുകളുടെ അടിയിൽക്കൂടി തുരന്ന് ടണലുകൾ നിർമിക്കണം. പദ്ധതി അനുസരിച്ച് തൃശൂർ റെയിൽവേ സ്റ്റേഷൻ പില്ലറിനു മുകളിലും കോഴിക്കോട് സ്റ്റേഷൻ ടണലിനുള്ളിലും ആയിരിക്കും. 132 കിലോമീറ്റർ നെൽപാടത്തിൽ കൂടി കടന്നുപോകം. ഇതു നെൽപാടങ്ങളുടെയും തണ്ണീർത്തടങ്ങളുടേയും ഉൾനാടൻ കുന്നുകളുടേയും വലിയ തോതിലുള്ള നാശത്തിനു കാരണമാകും. വലിയ തോതിൽ കരിങ്കല്ല്, മണൽ, മണ്ണ് എന്നിവ വേണ്ടിവരും. ഇങ്ങനെ നിർമ്മിക്കുന്ന റെയിൽപാത കേരളത്തിനു പുറത്തുനിന്നു വരുന്ന യാത്ര, ചരക്ക് ട്രെയിനുകൾക്ക് അപ്രാപ്യമാണുതാനും. റെയിൽവേയുടെയോ കേന്ദ്രമന്ത്രിസഭയുടെയോ നീതി ആയോഗിന്റെയോ അംഗീകാരം ഇതുവരെ കെ റെയിൽ പദ്ധതിക്ക് ലഭിച്ചിട്ടില്ല. കൊയിലാണ്ടി, വടകര, പയ്യോളി നഗരസഭകളിലും ചേമഞ്ചേരി, മൂടാടി, തിക്കോടി, ചേറോട്, ഏറാമല തുടങ്ങിയ പഞ്ചായത്തുകളിലുമാണ് കെ. റെയിൽ സമരം പ്രധാന തെരഞ്ഞെടുപ്പ് വിഷയമായി വരുന്നത്. നിലവിലുള്ള വാർഡുകളുടെ അതിർത്തികൾ പോലും ഇല്ലാതാകുന്ന അവസ്ഥയാണ് കെ. റെയിൽ വന്നാൽ സൃഷ്ടിക്കപ്പെടുന്നതെന്ന് ഇരകൾ ആരോപിക്കുന്നു. വലിയ തോതിലുള്ള പരിസ്ഥിതി നാശത്തിനും കുടിയിറക്കലിനും പദ്ധതി കാരണമാകുമെന്ന് കെ. റെയിൽ വിരുദ്ധ ജനകീയ സമിതി ചൂണ്ടിക്കാണിക്കുന്നു. 3000 ൽ ഏറെ വീടുകൾ ഇല്ലാതാകും. കക്ഷിരാഷ്ട്രീയ ഭേദമന്യേ ജനങ്ങൾ പദ്ധതിക്കെതിരായി അണിനിരക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് സമയത്ത് പോലും ഉദ്യോഗസ്ഥർ സർവ്വേയ്ക്കായി എത്തിയത് ജനങ്ങളെ പ്രകോപിതരാക്കിയിരുന്നു. പലയിടത്തും ഉദ്യോഗസ്ഥർക്ക് നേരെ ജനരോഷമുണ്ടാവുകയും സർവ്വെ നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തു. പത്ത് സ്ഥലങ്ങളിലാണ് ഇപ്പോൾ സജീവമായി സമരം നടക്കുന്നത്. ചേമഞ്ചേരി പഞ്ചായത്തിലെ കാട്ടിൽപ്പീടികയിൽ നടന്ന സമരത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും പങ്കുചേർന്നിരുന്നു. ഇവിടെ സ്ത്രീകളും കുട്ടികളും അടക്കം 68 ദിവസമായി സമരത്തിലാണ്. മൂടാടിയിൽ സമരം 45 ദിവസം പിന്നിട്ടു. ■

## വോട്ടില്ലാതെ ചെങ്ങറ സമരഭൂമി

**ചെങ്ങറയിലെ** ഹാരിസൺസ് എസ്റ്റേറ്റിൽ ഭൂരഹിതർ കുടിൽകെട്ടി താമസമായിട്ട് 13 വർഷം പിന്നിട്ടു. ഇക്കാലത്തിനിടയിൽ തെരഞ്ഞെടുപ്പുകൾ നിരവധി നടന്നെങ്കിലും വോട്ടവകാശം ഇവർക്ക് അനുവദിക്കാൻ അധികൃതർ ഇപ്പോഴും കൂട്ടാക്കുന്നില്ല. 598 കുടുംബങ്ങളിലായി മൂവായിരത്തിലേറെ പേർക്കാണ് വോട്ടവകാശം ഇത്തവണയും നിഷേധിച്ചത്. ഹാരിസൺസ് മലയാളം കമ്പനിയുടെ കുമ്പഴ എസ്റ്റേറ്റിൽ കുടിൽകെട്ടി താമസമായ കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഹാരിസൺസിന്റെ എതിർപ്പാണ് വോട്ടവകാശം നിഷേധിക്കാൻ കാരണമായി അധികൃതർ ചൂണ്ടിക്കാട്ടുന്നത്.

മലയാലപ്പുഴ പഞ്ചായത്ത് അഞ്ചാം വാർഡിൽപ്പെടുന്നതാണ് കുമ്പഴ എസ്റ്റേറ്റ്. വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ മാസങ്ങൾക്ക് മുമ്പ് ഇവർ അപേക്ഷ നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഭൂമി തങ്ങളുടേതാണെന്നും അനധികൃതമായി താമസിക്കുന്നവർക്ക് വോട്ടവകാശം നൽകരുതെന്നും ചൂണ്ടിക്കാട്ടി ഹാരിസൺസ് കത്ത് നൽകിയതിനാലാണ് വോട്ടവകാശം നൽകാനാകാത്തതെന്നാണ് പഞ്ചാത്തിന്റെ വിശദീകരണം. അപേക്ഷ നിരസിച്ചുക്കൊണ്ടുള്ള കത്തും നൽകിയിട്ടില്ല. രാഷ്ട്രീയ പാർട്ടികളും ഹാരിസൺസും ചേർന്ന് നടത്തുന്ന ഗൂഢാലോചനയാണ് ഇതെന്ന് സമരക്കാർ ആരോപിക്കുന്നു. കൈയേറ്റക്കാരായതിനാൽ വീട്ടുനമ്പർ നൽകാത്തതും പട്ടികയിൽ പേര് ഉൾപ്പെടുത്താൻ തടസ്സമായി. 13 വർഷമായി ഇവിടെ താമസിക്കുന്നവർക്ക് ഇപ്പോൾ പണ്ട് താമസിച്ചിരുന്നിടങ്ങളിലെ പട്ടികയിലും പേരില്ലാതായി. ■